(എ-സി) കോട്ടയ്ക്കൽ ആയുർവേദ കോളേജ് കേന്ദ്രീകരിച്ച് ഒരു ആയുർവേദ സർവ്വകലാശാല ആരംഭിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ കണ്ണൂരിൽ ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ കോട്ടയ്ക്കൽ ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് തൽക്കാലം നടപടികൾ സ്വീകരിക്കേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം

257 (3285) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ ആയുർവേദ ആശുപത്രിയിൽ 1-2-2021 മുതൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ടി ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായി ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കോവിഡ് ചികിത്സയിൽ ആയുഷ് വിഭാഗങ്ങളുടെ പങ്ക്

258 (3286) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ചികിത്സയിൽ ആയുഷ് ചികിത്സാ രീതികളുടെ ഫലപ്രാപ്തി സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതിനായി എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കോവിഡ് ചികിൽസയിൽ ഹോമിയോപ്പതി വകുപ്പിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്ന "Efficacy of Homoeopathic prophylactic intervention on Covid-19 pandemic - A double blind Randomized controlled Trial" എന്ന പഠനം നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ടിന്മേൽ ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന്റെ അഭിപ്രായം ലഭ്യമാക്കുകയും സർക്കാർ ഇപ്പോൾ പരിശോധിച്ചുവരികയുമാണ്. ടി പഠനങ്ങൾ നടത്തുന്നതിലേയ്ക്കായി ഹോമിയോപ്പതി

LIBRARY ARCHIVES Kerala Legislative Assembly